ദൈവത്തിന്റെ ചുരുളുകൾ
DIVINE SCROLLS

A CHRISTIAN MAGAZINE FOR THE CHOSEN GENERATION



"ദൈവസാന്നിദ്ധ്യമോ,
ദൈവത്തിനുള്ള സ്ഥാനമോ ?"

(തിരുവചന ചിന്തകൾ)

JUNE
2024

CONTENTS

- **നന്ദി** Page - 03
- **തിരുവചന ചിന്തകൾ :**
  " ദൈവസാന്നിദ്ധ്യമോ
  ദൈവത്തിനുള്ള സ്ഥാനമോ?" Page - 04
- **ജീവിതങ്ങളിലൂടെ വാക്കുകളിലൂടെ** Page - 12

നന്ദി

കഴിഞ്ഞ ഒരു വർഷം Divine Scrolls **എന്ന ഈ** Magazine **എഴുതുവാനും അവ പങ്കുവയ്ക്കുവാനും നല്ല അവസരങ്ങൾ ഒരുക്കി ഞങ്ങളുടെ കുടുംബമായി അനുഗ്രഹിച്ച സർവശക്തനായ ദൈവത്തിനു സ്തോത്രം.**

ജീവിതത്തിന്റെ തിരക്കുകളിലും ശുശ്രൂഷകളുടെ മദ്ധ്യേയും ഈ ചെറിയ ചിന്തകളെ ശ്രദ്ധിക്കുകയും വായിക്കുകയും ചെയ്ത എല്ലാ പ്രിയപ്പെട്ടവർക്കും നന്ദി.

ഏവരുടെയും പ്രാർത്ഥനകൾ യാചിച്ചുകൊണ്ടു:

Joshua Church Jiby
Sherin Jiby
Jiby Thomas

ദൈവസാന്നിദ്ധ്യമോ ദൈവത്തിനുള്ള സ്ഥാനമോ?

(തിരുവചന ചിന്തകൾ)

നാം ഏറെ ഉപയോഗിക്കുന്ന, പൊതുവെ ഉപയോഗം കൂടിവരുന്ന ഒരു വാക്കാണ് ദൈവസാന്നിദ്ധ്യം എന്നത്. ഇതു ഒരു വാക്കിനേക്കാളധികം ശ്രേഷ്ഠമേറിയ അനുഭവമാണെന്നും അവസ്ഥയാണെന്നും നാം മനസ്സിലാക്കുന്നു. നമ്മെ സൃഷ്ടിച്ച, പാപത്തിൽനിന്നും രക്ഷിച്ച ദൈവത്തെ ഈ ഭൂമിയിൽ അനുഭവിക്കുന്ന ഒരു അനുഗ്രഹീതമായ അവസ്ഥയാണ് ദൈവസാന്നിദ്ധ്യം എന്നതുകൊണ്ട് അർത്ഥമാക്കുന്നത്.

എന്നാൽ ഈ ദൈവസാന്നിദ്ധ്യത്തേക്കാൾ അപ്പുറമായി മറ്റു ആത്മീയ അനുഭവങ്ങളും നമുക്കു ലഭ്യമല്ലേ ? ഉത്തരം 'ഉവ്വ്' എന്നുതന്നേയാണ്.

ദൈവസാന്നിദ്ധ്യത്തെ ഒരു തരിമ്പുപോലും കുറച്ചുകാണുവാണോ ഏതെങ്കിലും രീതിയിൽ ആ സ്വർഗ്ഗീയ അനുഭവത്തെ വിലകുറച്ചുകാട്ടുവാനോ അല്ല ഈ കുറിപ്പ്. പ്രത്യുത, ദൈവസാന്നിദ്ധ്യത്തിൽ മാത്രം ഒതുങ്ങിക്കൂടേണ്ടവർ അല്ല നാമെന്ന ഒരു തിരിച്ചറിവു പകരുവാനും ഈ അനുഭവത്തിന്റെ ശ്രേഷ്ഠതയിൽ നിന്നും അടുത്ത ആത്മീയ അവസ്ഥയിലേക്കു നാം ഉയരേണ്ടത് ഈ കാലഘട്ടത്തിൽ അത്യന്താപേക്ഷിതമായതിനാലും ലേഖകൻ ചില ചിന്തകൾ പങ്കുവയ്ക്കുവാൻ ആഗ്രഹിക്കുന്നു.

പൊതുവെ ക്രിസ്തീയ സഭാവിഭാഗങ്ങളിൽ, പ്രത്യേകിച്ചും പെന്തെകോസ്തു കൂട്ടായ്മകളിലും ധ്യാന കേന്ദ്രങ്ങളിലും പരിശുദ്ധാത്മാവിന്റെ പ്രത്യക്ഷമായ പ്രവർത്തനങ്ങൾക്കു വേദി ഒരുക്കപ്പെടാറുണ്ട്. അപ്പോഴെല്ലാം അത്തരം സാഹചര്യങ്ങളിൽ കൂടിവരുന്നവർക്കു അനുഭവവേദ്യമാകുന്ന -വചനത്താൽ ഉളവാകുന്ന ആത്മീയ സന്തോഷം, പാപത്തിൽനിന്നുള്ള രക്ഷ, ദൈവീക സമാധാനം, അത്ഭുത രോഗശാന്തികൾ, പ്രവചനങ്ങൾ, മറ്റു കൃപാവര ശുശ്രൂഷകൾ, മാനസാന്തരങ്ങൾ അങ്ങനെ സകലവും ജനം അനുഭവിക്കുമ്പോൾ, അവരുടെ ശരീരത്തിലും, മനസ്സിലും (ഹൃദയങ്ങളിലും) ആത്മാവിലും ഉണ്ടാകുന്ന സ്വർഗ്ഗീയ സ്പർശനമാണ് ദൈവസാന്നിദ്ധ്യമായി പൊതുവെ വിവക്ഷിക്കാറുള്ളത്.

ദൈവമായ പരിശുദ്ധാത്മാവ് ജനത്തെ സ്പർശിക്കുമ്പോളുണ്ടാകുന്ന അനുഭവങ്ങൾ ഒരുത്തരിലും വ്യത്യസ്തമായിരിക്കാം, അതുപോലെ, ആ സ്പർശനങ്ങളോടുള്ള ജനത്തിന്റെ (ശുശ്രൂഷകരുടെയും) വൈകാരിക പ്രതികരണങ്ങളും വ്യത്യസ്തമായിരിക്കും. എന്നാൽ, ഒരു സ്പർശനത്തെക്കാളുപരിയായി, ദൈവം തന്റെ ജനത്തിന്റെ ഉള്ളിൽ എല്ലായ്പോഴും വസിക്കുവാൻ ആഗ്രഹിക്കുന്നു.

അതേ, തീർച്ചയായും പ്രഥമമായ ഒരു അനുഭവം നമുക്കുണ്ടായേതീരൂ. എന്നാൽ, അതേ അവസ്ഥയിൽ നാം കഴിയുവാൻ ആഗ്രഹിച്ചാൽ, മാനുഷിക വാക്കുകളും ബുദ്ധിയും മേൽപ്പറഞ്ഞ അതേ പേരുകളിലും പ്രകടനങ്ങളിലും നമ്മെ വഞ്ചിച്ചേക്കാം. കാരണം, നിർഭാഗ്യവശാൽ നമ്മുടെ രക്ഷകനായ ദൈവത്തിന്റെ പേരിലാണ് അധികം വ്യാജങ്ങളും ഇന്ന് മനുഷ്യൻ ചമച്ചിരിക്കുന്നത്. ആ വഞ്ചനയിൽനിന്നും രക്ഷപെടുവാൻ ദൈവത്തിന്റെ സത്യവചനത്തിൽ ഉറച്ചുനില്കുക നമുക്കു ആവശ്യവുമാണ്.

നമുക്കറിയാവുന്നതുപോലെ, പഴയനിയമത്തിൽ ദൈവാത്മാവ് ഒരു പ്രത്യേക കാര്യം നിർവഹിക്കുന്നതിനായി വ്യക്തികളിലേക്കു അയയ്ക്കപ്പെടുകയും അവരെ ശക്തീകരിക്കുകയും ചെയ്തിരുന്നു. എന്നാൽ പുതിയനിയമസഭയിൽ നാം കാണുന്ന മാറ്റം എന്നത്, സ്വർഗ്ഗീയ ദാനമായ പരിശുദ്ധാത്മാവിനെ ദൈവം നമുക്കായി നല്കി എന്നതാണ്.

ന്യായാധിപന്മാർ 10
34.അപ്പോൾ യഹോവയുടെ ആത്മാവു ഗിദെയോന്റെമേൽ വന്നു, അവൻ കാഹളം ഊതി അബീയേസ്രയെ തന്റെ അടുക്കൽ വിളിച്ചുകൂട്ടി.
35.അവൻ മനശ്ശെയിൽ എല്ലാടവും ദൂതന്മാരെ അയച്ചു, അവരെയും തന്റെ അടുക്കൽ വിളിച്ചുകൂട്ടി; ആശേരിന്റെയും സെബൂലൂന്റെയും നഫ്താലിയുടെയും അടുക്കലും ദൂതന്മാരെ അയച്ചു; അവരും പുറപ്പെട്ടുവന്നു അവരോടു ചേർന്നു.

ഇതു പഴയനിയമത്തിലെപ്പോലെ ഒരുകാര്യം ചെയ്തുതീർക്കുവാനായി മാത്രമല്ല, സദാകാലവും നമ്മിൽ വസിക്കേണ്ടതിനായിട്ടത്രേ. ദൈവാത്മാവിനോട് വ്യാജം ചെയ്യാതെയും ദൈവാത്മാവിനെ ദുഃഖിപ്പിക്കാതെയും ദൈവീക അനുസരണത്തിൽ ജീവിക്കുക എന്നതാണ് ഈ സഹവാസത്തിൻറെ അടിസ്ഥാനവും മർമ്മവും.

എങ്ങനെയാണ് ഒരുവൻ ദൈവാത്മാവിനെ ദുഃഖിപ്പിക്കാതെ അനുസരണത്തിൽ ജീവിക്കുന്നത് ? ഉത്തരം ലളിതമായി പറയാം.

മനുഷ്യനു അത് 'സ്വതവേ' അസാദ്ധ്യമാണ്. എന്നാൽ യേശുക്രിസ്തുവിൽ നാം പുതിയ സൃഷ്ടിയാണെന്ന് വിശ്വസിച്ചും ആ ക്രൂശിക്കപ്പെട്ടവനായ യേശുക്രിസ്തുവിൽ ആശ്രയിച്ചുംകൊണ്ട് 'യേശുവേ, എന്റെ കഴിവുകൾകൊണ്ട് അങ്ങയെ അനുസരിക്കുവാൻ എന്റെ ഈ ജഡശരീരത്തിൽ സാദ്ധ്യമല്ല എന്ന് ഞാൻ അറിയുന്നു. എന്നാൽ അങ്ങയിൽഞാൻ വിശ്വസിക്കുകയും ആശ്രയിക്കുകയും ചെയ്യുമ്പോൾ അങ്ങയുടെ കൃപയാൽ ഞാൻ ഇവയെ ജയിക്കും എന്ന് ഞാൻ വിശ്വസിക്കുന്നു. അങ്ങ് മരണത്തെയും സാത്താനെയും സകല പരീക്ഷകളെയും ജയിച്ചവനാകയാൽ അങ്ങയുടെ ജയം എനിക്കായി കൃപയായി നൽകേണമേ' എന്ന് ഏറ്റുപറയുമ്പോൾ ദൈവം നമ്മെ സഹായിക്കുന്നു, തന്റെ രക്തത്താൽ നമ്മെ കഴുകിയിരിക്കുകയാൽ തന്റെ ആത്മാവിനാൽ നമ്മെ ശക്തീകരിക്കുന്നു.

റോമർ 7
24.അയ്യോ, ഞാൻ അരിഷ്ടമനുഷ്യൻ! ഈ മരണത്തിന്നു അധീനമായ ശരീരത്തിൽനിന്നു എന്നെ ആർ വിടുവിക്കും?

അതായതു ക്രിസ്തീയ ജീവിതത്തിന്റെ വിജയരഹസ്യം നമ്മുടെ വിശ്വാസത്തിന്റെ ഏറ്റുപറച്ചിലാണ്. സ്വതവേ നമ്മുടെ തീരുമാനങ്ങൾകൊണ്ടോ മനഃസാന്നിധ്യംകൊണ്ടോ പാപത്തെയും ലോകയിഷ്ടങ്ങളെയും നമുക്കു ജയിക്കുവാൻ കഴിഞ്ഞിരുന്നുവെങ്കിൽ യേശുക്രിസ്തു, ക്രൂശിൽ നമ്മുടെ പാപങ്ങൾക്കായി മരിക്കേണ്ടിയിരുന്നില്ല. എന്നാൽ ലോകത്തിന്റെ സകല പാപത്തെയും ചുമന്ന ദൈവകുഞ്ഞാടായവൻ കാൽവരിക്രൂശിൽ നമുക്കായി അറുക്കപ്പെടുകയും ആ രക്തം നമ്മെ നമ്മുടെ സകല പാപങ്ങളെയും പോക്കി നമ്മെ ശുദ്ധികരിക്കുകയും ചെയ്തിരിക്കുന്നു.

നമ്മുടെ പ്രവൃത്തികൊണ്ടോ നമ്മുടെ ഏതെങ്കിലുമൊരു ഗുണംകൊണ്ടോ നമുക്കു പാപത്തെ ജയിക്കുവാനോ ലോകമോഹങ്ങളെ ജയിക്കുവാനോ കഴിയുമായിരുന്നില്ല. അപ്രകാരം, നമ്മുടെ ജഡത്താൽ കഴിയാത്തതിനെ ദൈവം തന്റെ പുത്രനായ യേശുക്രിസ്തുവിലൂടെ സാദ്ധ്യമാക്കി. ഈ രക്ഷപോലെ, നമ്മുടെ പ്രകൃതത്താൽ ദൈവത്തെ അനുസരിക്കുവാൻ കഴിയുമായിരുന്നില്ല. എന്നാൽ വിശ്വാസം മൂലം നാം രക്ഷിക്കപ്പെട്ടപ്പോൾ നമുക്ക് സഹായകമായ പരിശുദ്ധാത്മാവിനെ ദൈവം ദാനമായി നൽകിക്കൊണ്ടു ദൈവത്തെ അനുസരിക്കുവാൻ കഴിയുന്ന നമ്മിലെ ഒരു അവയവമാക്കി ദൈവാത്മാവ് നമ്മിൽ ചേർന്നിരിക്കുന്നു. (നമ്മുടെ ആത്മാവും ദൈവാത്മാവും ചേർന്നിരിക്കുന്നു).

റോമർ 10
26 അവ്വണ്ണം തന്നേ ആത്മാവു നമ്മുടെ ബലഹീനതെക്കു തുണനില്ക്കുന്നു. വേണ്ടുംപോലെ പ്രാർത്ഥിക്കേണ്ടതു എന്തെന്നു നാം അറിയുന്നില്ലല്ലോ. ആത്മാവു തന്നേ ഉച്ചരിച്ചു കൂടാത്ത ഞരക്കങ്ങളാൽ നമുക്കു വേണ്ടി പക്ഷവാദം ചെയ്യുന്നു.

ദൈവസാന്നിദ്ധ്യം നിശ്ചയമായും നമ്മിൽ മാനസിക ഉല്ലാസം സമ്മാനിക്കും. എന്നാൽ ദൈവസാന്നിദ്ധ്യം നമ്മെ കേവലമൊരു മാനസിക ഉല്ലാസത്തിൽ കൊണ്ടെത്തിക്കുന്ന അവസ്ഥമാത്രമല്ല അതിലുപരിയായി, ദൈവീക സമാധാനത്തിന്റെ ഒരു വർദ്ധനവ് അവിടെ ഉണ്ടായേതീരൂ. നോക്കൂ, ദൈവസാന്നിദ്ധ്യംപോലെ തോന്നിക്കുന്ന മനസായിക അവസ്ഥകൾ നമുക്കു മറ്റു വഴികളിലൂടെയും ലഭിച്ചേക്കാം, എന്നാൽ ദൈവീക സമാധാനം നൽകുവാൻ ദൈവത്തിനുമാത്രമേ കഴിയൂ.

ഫിലിപ്പിയർ 4
7 എന്നാൽ സകലബുദ്ധിയേയും കവിയുന്ന ദൈവ സമാധാനം നിങ്ങളുടെ ഹൃദയങ്ങളെയും നിനവുകളെയും ക്രിസ്തുയേശുവിങ്കൽ കാക്കും.

അതായതു മാനുഷികമായ ഒന്നിനെക്കുറിച്ചും വിചാരപ്പെടുവാൻ ഇടയില്ലാത്തവണ്ണം ദൈവീകസാന്നിദ്ധ്യം നമ്മെ പ്രാർത്ഥനയുടെ അവസ്ഥയിൽ മൂടേണ്ടതാകുന്നുന്നുവെന്നു പൗലോസ് ഈ ലേഖനത്തിൽ നമ്മെ ഓർമിപ്പിക്കുന്നു. ആ സ്വർഗ്ഗീയ തേജസ്സിനാൽ നാം നിറയുന്ന ആത്മീയ അവസ്ഥകളായി നമ്മുടെ പ്രാർത്ഥന മാറുമ്പോൾ എല്ലാ

മാനുഷിക ബുദ്ധികളെയും അറിവുകളെയും ജ്ഞാനത്തെയും കവിയുന്ന സമാധാനം, (ദൈവ സമാധാനം) നമ്മുടെ ഹൃദയങ്ങളെയും നിനവുകളെയും ക്രിസ്തുവേശുവിങ്കൽ കാക്കപ്പെടും.

ശരീരത്തിൽ അനുഭവിക്കുന്ന ഒരു തരിപ്പോ നിർവൃതിയോ ആയിമാത്രം നമ്മുടെ ദൈവീക അനുഭവങ്ങൾ മാറാൻപാടുള്ളതല്ല. പിന്നെയോ അതിന്റെ വർദ്ധനവാണ് ദൈവം ആഗ്രഹിക്കുന്നത്. അതാണ് ദൈവത്തിനു നമ്മുടെ ഉള്ളിലെ സ്ഥാനം എന്നത്.

ദൈവസാന്നിധ്യം ചില മണിക്കൂറുകളോ ദിവസങ്ങളോ ആയി ചുരുങ്ങുമ്പോൾ, നമ്മിലെ ദൈവീക സ്ഥാനം ശക്തമാകേണ്ടുന്നതും നമ്മെ ആത്മീയ ജീവിതത്തിൽ ഉറപ്പിക്കേണ്ടതുമാകുന്നു.

യേശു തന്റെ ശിഷ്യരെ പഠിപ്പിച്ച പ്രാർത്ഥന ഈ അവസരത്തിൽ നമുക്കൊന്നു ചിന്തിക്കാം.

മത്തായി 6
9.നിങ്ങൾ ഈവണ്ണം പ്രാർത്ഥിപ്പിൻ: സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ, നിന്റെ നാമം വിശുദ്ധീകരിക്കപ്പെടേണമേ;
10.നിന്റെ രാജ്യം വരേണമേ; നിന്റെ ഇഷ്ടം സ്വർഗ്ഗത്തിലെപ്പോലെ ഭൂമിയിലും ആകേണമേ;
11. ഞങ്ങൾക്കു ആവശ്യമുള്ള ആഹാരം ഇന്നു തരേണമേ;
12.ഞങ്ങളുടെ കടക്കാരോടു ഞങ്ങൾ ക്ഷമിച്ചിരിക്കുന്നതുപോലെ ഞങ്ങളുടെ കടങ്ങളെ ഞങ്ങളോടും ക്ഷമിക്കേണമേ;
13.ഞങ്ങളെ പരീക്ഷയിൽ കടത്താതെ ദുഷ്ടങ്കൽനിന്നു ഞങ്ങളെ വിടുവിക്കേണമേ. രാജ്യവും ശക്തിയും മഹത്വവും എന്നേക്കും നിനക്കുള്ളതല്ലോ.
14.നിങ്ങൾ മനുഷ്യരോടു അവരുടെ പിഴകളെ ക്ഷമിച്ചാൽ, സ്വർഗ്ഗസ്ഥനായ നിങ്ങളുടെ പിതാവു നിങ്ങളോടും ക്ഷമിക്കും.
15.നിങ്ങൾ മനുഷ്യരോടു പിഴകളെ ക്ഷമിക്കാഞ്ഞാലോ നിങ്ങളുടെ പിതാവു നിങ്ങളുടെ പിഴകളെയും ക്ഷമിക്കയില്ല.

Practical Christianity യുടെ അഥവാ പ്രായോഗിക ക്രിസ്തീയ ജീവിതത്തിനാവശ്യമായ സകലവും ഈ പ്രാർത്ഥനയിൽ ലയിച്ചിരിക്കുന്നു. കേവലമൊരു സാന്നിദ്ധ്യമായി മാത്രം ദൈവത്തെ ഒതുക്കുനിർത്തുന്നവർക്ക് ഈ വചനങ്ങൾ ഉപകരിക്കട്ടെ.

സകല പ്രാർത്ഥനകളും ആരംഭിക്കേണ്ടുന്നത് ദൈവത്തോടുള്ള ബന്ധത്തിൽനിന്നാകണമെന്നു യേശു പഠിപ്പിക്കുന്നു (വാക്യം 9). സ്വർഗ്ഗത്തിൽ ഒരു ദൈവം ഉണ്ടെന്നും, ആ ദൈവം നമ്മുടെ സ്വന്ത പിതാവെന്നും യേശു തന്റെ പിതാവിനെ നമുക്കായി വെളിപ്പെടുത്തുന്നു.
ആ പിതാവിന്റെ നാമ മഹത്വത്തിനായായിരിക്കണം നമ്മുടെ പ്രാർത്ഥനയും പ്രാർത്ഥനാ വിഷയങ്ങളും (പ്രാർത്ഥനയിൽ പങ്കുവയ്ക്കുന്ന കാര്യങ്ങളും) നമ്മുടെ ജീവിതവും.
ഈ ഭൂമിയിൽ നാം ജീവിക്കുമ്പോൾത്തന്നെ, സ്വർഗ്ഗത്തിലെ അഥവാ ദൈവത്തിന്റെ ഇഷ്ടം ആഗ്രഹിക്കുന്ന ഒരു മനോഭാവവും പ്രതീക്ഷയുമാവണം നമ്മുടെ പ്രാർത്ഥനയുടെ പ്രത്യാശ എന്നത് (വാക്യം 10). ആ സ്വർഗ്ഗീയ രാജ്യത്തിന്റെ സകല നന്മകളും അനുഗ്രഹവും നാം പ്രാർഥയിലൂടെ വിശ്വാസത്താൽ കാണുകയും അവയ്ക്കായി ആഗ്രഹിക്കുകയുമാണ് ഇവിടെ ചെയ്യേണ്ടുന്നത്. ഭൂമിയിലെ ഇഷ്ടങ്ങളുടെ നിവൃത്തീകരണമല്ല പ്രാർത്ഥനയിൽ നടക്കേണ്ടുന്നത് പ്രത്യുത, സ്വർഗ്ഗീയ ഇഷ്ടങ്ങളുടെ ഭൂമിയിലെ പ്രതിഫലനമാണ് (reflections) നാം ആഗ്രഹിക്കേണ്ടുന്നത്. കാരണം, ഈ ഭൂമിയുടെ അടിസ്ഥാനമായി മനുഷ്യർ കാണുന്ന യാതൊന്നുംതന്നേ നമ്മെ ദൈവത്തിങ്കലേക്കു അടുപ്പിക്കുകയില്ല.
ജീവിക്കാൻ ആവശ്യമായ സകലവും നൽകുവാൻ ദൈവം വിശ്വസ്തനാകകൊണ്ടു അവ ദൈവത്തോട് ചോദിക്കുവാൻ നമുക്കു അനുവാദമുണ്ട് (വാക്യം 11).
നാം ചെയ്ത പ്രവൃത്തികൾ മറച്ചുവച്ചുകൊണ്ടു ഒരുനാളും ദൈവത്തോട് പ്രാർത്ഥനയിൽ തുടരുവാൻ നമുക്കു കഴിയുകയില്ല. അവ ഏറ്റുപറഞ്ഞു ഉപേക്ഷിക്കുവാനും ദൈവത്തോട് ക്ഷമ ചോദിക്കുവാനും മനുഷ്യനോട് പൊറുക്കുവാനും പ്രാർത്ഥന ഉപയോഗിക്കേണ്ടതാകുന്നു. എങ്കിൽ മാത്രമേ പ്രാർത്ഥനയിൽ കപടതകാണിക്കാതിരിക്കുവാൻ നമുക്കു കഴിയുകയുള്ളൂ (വാക്യം 12). ശക്തനായ ദൈവത്തിനു സകലവും സാദ്ധ്യമാകുകയാൽ ആ ദൈവത്തിങ്കൽനിന്നു മാത്രമേ യഥാർത്ഥ സംരക്ഷണം മക്കൾക്കു ലഭിക്കുകയുള്ളൂ (വാക്യം 13).

പൂർണ്ണ ക്ഷമയും ഏറ്റുപറച്ചിലും ഈ പ്രാർത്ഥനയിലൂടെ നമ്മുടെ മനസ്സിന്റെ / ജീവിതത്തിന്റെ കഴുകലിനു കാരണമാവുന്നു (വാക്യം 14-15).

നോക്കൂ, ഇപ്രകാരം പ്രാർത്ഥിക്കുവിൻ എന്ന് പറഞ്ഞുകൊണ്ട് യേശു പഠിപ്പിച്ച ഈ പ്രാർത്ഥന, ദൈവസാന്നിദ്ധ്യം ഉള്ളപ്പോൾ മാത്രം ചെയ്യേണ്ടുന്നവയാണോ ? ഇത് മാത്രമല്ല ദൈവത്തോടുള്ള എല്ലാ പ്രാർത്ഥനകളും യാചകളും ദൈവസാന്നിദ്ധ്യം നിറയുമ്പോൾ വേഗത്തിൽ ചെയ്യേണ്ടുന്ന ഒരു കർമ്മമല്ല എന്ന് നാം മനസ്സിലാക്കേണ്ടതാണ്. ദൈവസാനിദ്ധ്യം നമ്മെ എല്ലാവരെയും പ്രാർത്ഥിപ്പിക്കുവാൻ പ്രേരിപ്പിക്കുന്നുണ്ടാവാം എന്നാൽ, നമ്മുടെ പ്രാർത്ഥനയും ഹൃദയവും നേരും നുറുക്കവുമുള്ളതെങ്കിൽ ദൈവസാന്നിദ്ധ്യം താനേ കടന്നുവരും.

ദൈവസാന്നിദ്ധ്യത്തെ 'നിർമ്മിക്കുവാൻ' നമുക്കു ഒരുനാളും കഴിയുകയില്ല. എന്നാൽ നുറുങ്ങിയ ഹൃദയത്തോടെയുള്ള നിർവ്യാജസ്നേഹത്തോടെയുള്ള പ്രാർത്ഥന കഴിക്കുവാൻ നമുക്കു കഴിയും. ആ പ്രാർത്ഥയിൽ നമുക്കു ലഭിക്കുന്ന ദൈവസാന്നിദ്ധ്യമാണ് സ്വർഗ്ഗത്തിൽനിന്നും ദൈവം നൽകിത്തരുന്ന യഥാർത്ഥ ഉറപ്പ്. അതായതു ദൈവസാന്നിദ്ധ്യം നാമും ദൈവവും തമ്മിലുള്ള ബന്ധത്തിലും അടുപ്പത്തിലുമാണ് അധിഷ്ഠിതമായിരിക്കുന്നത്.

നോക്കൂ, നാം മുൻപ് ചിന്തിച്ച കർത്തൃ പ്രാർത്ഥന (Lords Prayer), നമ്മെ ദൈവത്തിന്റെ മക്കൾ എന്ന പദവിയിൽ നിറുത്തികൊണ്ടു, ദൈവം നമ്മിൽനിന്നു കേൾക്കുന്ന നമ്മുടെ ജീവിതം തന്നെയാണ്. അതായതു പ്രാർത്ഥന എന്നത് മക്കൾ അപ്പനോട് വിവരിക്കുന്ന സ്വന്തം ജീവിതമാണ്. നമ്മുടെ ജീവിതത്തെ കേൾക്കുന്ന നമ്മുടെ വിളികളെ കേൾക്കുന്ന ഒരു നല്ല പിതാവു നമുക്കുള്ളതിനാൽ ആ ദൈവത്തിനു സ്തോത്രം!

ഇങ്ങനെ ദൈവത്തോടുള്ള പ്രാർത്ഥനയിൽ നാം എങ്ങനെ സമയവും ഹൃദയവും ചിലവഴിക്കുന്നു എന്നതിനെ ആശ്രയിച്ചാണ് നാം അനുഭവിക്കുന്ന ദൈവസാന്നിദ്ധ്യവും ലഭ്യമായിരിക്കുന്നത്. ദൈവം എല്ലാവർക്കും ഒരുപോലെ തന്നെത്തന്നെ നൽകിയിരിക്കുന്നു. അവനിലേക്ക് ചെല്ലുക, സ്വയം സമർപ്പിക്കുക എന്നതാണ് നാം ചെയ്യേണ്ടുന്നത്.

നാം അനുഭവിക്കുന്ന ഒരു ചെറിയ മാനസിക സന്തോഷംപോലും ദൈവം നൽകിത്തരുന്ന തന്റെ ശ്രേഷ്ഠമായ സാന്നിദ്ധ്യത്തിൽനിന്നുള്ളവയാകാം. പ്രാർത്ഥയിൽ ഉറ്റിരിക്കുമ്പോൾ സ്വയം ദൈവത്തിനായി സമർപ്പിക്കപ്പെടുമ്പോൾ ദൈവസാന്നിദ്ധ്യം ഒരു മഴപോലെ ഒഴുകിത്തുടങ്ങും. ഒരു പാട്ടിന്റെ വരികളിലോ ഒരു വചനത്തിലോ ചെറിയ ഒരു കൊച്ചു സാക്ഷ്യത്തിലോപോലും നമുക്കിതു കാണുവാൻ കഴിയും.എന്നാൽ അവിടെയെല്ലാം നാം ദൈവത്തിനു നമ്മുടെ ഹൃദയത്തിൽ സ്ഥാനം കൊടുക്കുന്നുണ്ടോ എന്ന ചിന്ത നമ്മിൽ ഉണ്ടായേതീരൂ. ദൈവത്തിനു വാസ്തവമായും നാം നമ്മുടെ ഹൃദയത്തിൽ സ്ഥാനം കൊടുക്കുന്നുവെങ്കിൽ ദൈവസാന്നിധ്യം ഒരു നിക്ഷേപമായി നമ്മുടെയുള്ളിൽ നിത്യം വസിക്കും. നമ്മുടെ വാക്കും പാട്ടും കൂട്ടായ്മയും സ്നേഹവുമെല്ലാം ജീവനായി ചുറ്റും ഒഴുകും. അതിനായി നമുക്കു ഒരുക്കത്തോടെ പ്രാർത്ഥിക്കാം.

ഞങ്ങളുടെ നല്ല പിതാവേ, അങ്ങ് ഞങ്ങളെ ഇത്രയധികം സ്നേഹിക്കുന്നതിനാൽ സ്തോത്രം. പൊറുക്കുവാനും മറക്കുവാനും കഴിയാതെ അടഞ്ഞ ഞങ്ങളുടെ ഹൃദയത്തിൽ ഇന്നു നീ വസിക്കുന്നതിനാൽ സ്തോത്രം. ഞങ്ങളുടെ എല്ലാ തോൽവികളും നേരിട്ടറിയുന്ന ഞങ്ങളുടെ കർത്താവേ, ഇന്നു നിന്റെ സാന്നിദ്ധ്യത്തെ കൊതിക്കുമ്പോഴും നിന്നെമാത്രം ആഗ്രഹിക്കുന്ന ഒരു ഹൃദയം ഞങ്ങൾക്കു തരേണമേ. സാന്നിദ്ധ്യം നിലയ്ക്കുന്നതോടുകൂടി അവസാനിച്ചുപോകുന്ന അനുഭവത്തിൽനിന്നും സ്ഥിരമായി അങ്ങയെ ഈ ഭൂമിയിൽ അനുഭവിക്കുന്ന സ്വർഗ്ഗീയ അവസ്ഥയിലേക്ക് ഞങ്ങളെ കൈ പിടിച്ചു നടത്തേണമേ. നിന്റെ ഹിതത്തിനായി ഞങ്ങളെ ഒരുക്കേണമേ, പുത്രന്റെ നാമത്തിൽ ചോദിക്കുന്നു നല്ല പിതാവേ. ആമേൻ !

- ജിബി തോമസ്

ജീവിതങ്ങളിലൂടെ വാക്കുകളിലൂടെ

ദൈവാത്മാവ് എപ്പോഴും നമ്മിൽ സത്യം വിളിച്ചു പറഞ്ഞുകൊണ്ടേയിരിക്കും, എന്നാൽ നമ്മുടെ ബുദ്ധിയും ചിന്തയും ചിലപ്പോഴെങ്കിലും നമ്മെ വഞ്ചിക്കുവാൻ ശ്രമം നടത്തികൊണ്ടേയിരിക്കും. ക്രിസ്തീയ ജീവിതം ആഗ്രഹിക്കുന്നവർ ദൈവാത്മാവിനെ ശ്രദ്ധിക്കുകയും ശ്രവിക്കുകയും ചെയ്യുക.

The Spirit of God will always remain in us spreading the light of truth within, nevertheless, our knowledge and thought will at times deceive us.
Those that wish upon a Christian life must pay attention and listen to the Holy Spirit.

- Divine Hope Missionaries (Bristol,UK)

Listen to our Malayalam Audio Bible

://www.youtube.com/@jibymonkombil

മലയാളം ഓഡിയോ ബൈബിളിനായി മുകളിലുള്ള ലിങ്ക് തുറക്കുക, അല്ലെങ്കിൽ QR code സ്കാൻ ചെയ്യുക

Any Feedback / Queries :

Jiby Thomas +447823850578
jibymonkombil@gmail.com

DIVINE HOPE MISSIONARIES
BRISTOL